## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - * 370 25.06.2014 - ൽ മറുപടിക്ക്

### നിതാഖത്ത് നിയമംമൂലം തൊഴിൽ നഷ്ടപ്പെടുന്ന പിന്നോക്ക വിഭാഗക്കാർക്ക് പ്രത്യേക സ്വയം തൊഴിൽ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി.ഡി സതീശൻ<br>ശ്രീ. വി.പി സജീന്ദ്രൻ<br>ശ്രീ. ഐ.സി ബാലകൃഷ്ണൻ<br>ശ്രീ. ജോസഫ് വാഴക്കൻ | | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | സൗദി സർക്കാരിന്റെ നിതാഖത്ത് നിയമം മൂലം തൊഴിൽ നഷ്ടപ്പെടുന്ന പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്ക് വേണ്ടി സംസ്ഥാന പിന്നോക്ക വിഭാഗ വികസന കമ്മീഷൻ പ്രത്യേക സ്വയം തൊഴിൽ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; | (എ) | സൗദി സർക്കാരിന്റെ നിതാഖത്ത് നിയമം മൂലം തൊഴിൽ നഷ്ടപ്പെട്ട പിന്നോക്ക വിഭാഗക്കാർക്ക് കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ഒരു പ്രത്യേക സ്വയംതൊഴിൽ വായ്പാ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കാമോ ; | (ബി) | ഈ പദ്ധതി പ്രകാരം സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വായ്പയായി പരമാവധി 10 ലക്ഷം രൂപ 3% പലിശ നിരക്കിൽ 84 മാസം കൊണ്ട് തിരിച്ചടയ്ക്കുന്ന വ്യവസ്ഥയിൽ നൽകുകയാണ് ഉദ്ദേശ്യലക്ഷ്യം. |
| (സി) | ഏതെല്ലാം മേഖലയിൽ ആരംഭിക്കുന്ന സ്വയം തൊഴിലുകളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്നതെന്ന് വിശദമാക്കാമോ ; | (സി) | നിയമപരമായി ആരംഭിക്കുവാൻ സാധിക്കുന്നതും, വിജയസാധ്യതയുള്ളതുമായ ഉല്പാദന സേവന മേഖലകളിലെ ഏതു സംരംഭത്തിനും ഈ പദ്ധതി പ്രകാരം വായ്പ നൽകുന്നുണ്ട്. |
| (ഡി) | എന്തെല്ലാം സാമ്പത്തിക സഹായങ്ങളാണ് പദ്ധതിയിലൂടെ സംരംഭകർക്ക് നൽകുന്നതെന്ന് വിശദമാക്കാമോ ? | (ഡി) | സാമ്പത്തിക സഹായങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധമായി** ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

S-370

അനുബന്ധം

സ്വദേശിവത്ക്കരണത്തിന്റെ ഭാഗമായി സൗദി അറേബ്യൻ സർക്കാർ നടപ്പിലാക്കിയ "നിതാഖത്ത്" പദ്ധതിമൂലം തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചുവന്ന മറ്റു പിന്നോക്ക വിഭാഗത്തിൽ (ഒ.ബി.സി.) പെട്ടവർക്ക് കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ പുതിയ വായ്പാ പദ്ധതി നടപ്പിലാക്കുന്നു. പദ്ധതി സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. അപേക്ഷകർ "നിതാഖത്ത്" നിയമം മൂലം തൊഴിൽ നഷ്ടപ്പെട്ട് സൗദി അറേബ്യയിൽ നിന്നും തിരിച്ചുവന്നവരും മറ്റു പിന്നോക്ക വിഭാഗത്തിൽ (OBC)പ്പെടുന്നവരും ആയിരിക്കണം. പദ്ധതി സംബന്ധിച്ച പൊതു നിബന്ധനകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പരമാവധി വായ്പ തുക | 10 ലക്ഷം രൂപ |
| ഗുണഭോക്തൃ വിഹിതം | പദ്ധതി ചെലവിന്റെ 10% |
| പലിശ നിരക്ക് | 3% p.a. |
| തിരിച്ചടവ് കാലാവധി | 84 മാസം |
| കുടുംബ വാർഷിക വരുമാന പരിധി | 1,03,000 രൂപ |
| പ്രായപരിധി | 18-55 |

2. അപേക്ഷയോടൊപ്പം താഴെ പറഞ്ഞിരിക്കുന്ന രേഖകൾ അപേക്ഷകർ സമർപ്പിക്കേണ്ടതാണ്.
   1. വിദേശത്ത് തൊഴിൽ ചെയ്തത് സംബന്ധിച്ച രേഖകൾ.
   2. Exit visa യുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
   3. പാസ്പോർട്ടിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
   4. നിതാഖത്ത് നിയമം മൂലം ജോലി നഷ്ടപ്പെട്ടതാണെന്ന് തെളിയിക്കുന്ന നോർക്ക റൂട്സിൽ നിന്നുള്ള സാക്ഷ്യപത്രം
3. അപേക്ഷകർക്ക് വരുമാനാദായകമായതും നിയമപരമായി നടത്താൻ കഴിയുന്നതുമായ ഏത് സംരംഭവും ആരംഭിക്കാവുന്നതാണ്.
4. 2 ലക്ഷം രൂപയിൽ കൂടുതലുള്ള വായ്പക്ക് high value loan-ന് നിഷ്ക്കർഷിച്ച മാതൃകയിലുള്ള പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കേതാണ്.
5. 2 ലക്ഷം വരെയുള്ള വായ്പ ജില്ലാ മാനേജർതലത്തിലും 5 ലക്ഷം രൂപവരെയുള്ളത് DLPSC (District Level Project Sanction Committee) അംഗീകാരത്തിന് വിധേയമായും അനുവദിക്കാവുന്നതാണ്. അതിനുമുകളിൽ 10 ലക്ഷം രൂപ വരെയുള്ള വായ്പയ്ക്ക് SLPSC (State Level Project Sanction Committee) അനുമതി വാങ്ങേതാണ്.
6. ജാമ്യവ്യവസ്ഥകൾ കോർപ്പറേഷന്റെ മറ്റു പദ്ധതികൾക്ക് സമാനമായിരിക്കും.
7. 2 ലക്ഷം രൂപയിൽ കൂടുതലുള്ള വായ്പയ്ക്ക് high value loan-ന് നിഷ്ക്കർഷിച്ചിരിക്കുന്ന എല്ലാ നിബന്ധനകളും ബാധകമാണ്. (pre-sanction inspection, project appraisal by DLPSC, വായ്പാ വിനിയോഗം മുതലായവ)

Vijayan
സെക്ഷൻ ഓഫീസർ